(സി, ഡി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതിനെതിരെ സംസ്ഥാനത്തിലെ ചില വ്യക്തികളും സംഘടനകളും 6 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. മുക്കാലിയിൽ തടയണ നിർമ്മാണം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് നൽകിയ കേസ്സിനെതിരെ കേരളം കേസ് ഫയൽ ചെയ്യുകയുണ്ടായി.

മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് ഗവൺമെന്റ് കാവേരി നദീജല തർക്ക ട്രൈബ്യൂണലിൽ നൽകിയ കേസ്സിൻമേലുള്ള ഉത്തരവിൽ കാവേരി നദീജല തർക്കത്തിന്റെ അന്തിമവിധി വരുന്നതുവരെ മുക്കാലി തടയണയുടെ പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം ഇതിൻമേൽ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്റെ വാദം നടന്നുവരികയാണ്.

കേരളവും തമിഴ്നാടും തമ്മിലുള്ള നദീജല കരാറുകൾ

61 [779] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച പ്രധാനപ്പെട്ട കരാറുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ കരാറും എന്നാണ് ഒപ്പുവച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും കാലാവധി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ;

(സി) കരാറുകൾ പൂർണ്ണമായി ഇരു സംസ്ഥാനവും പാലിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കരാറുകൾ ലംഘിക്കപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) തമിഴ്നാടുമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും കരാറുകളിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെടുന്നില്ല എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1886-ൽ നിലവിൽ വന്ന പെരിയാർ പാട്ടക്കരാർ, 1958 മുതൽ മുൻകാല പ്രാബല്യത്തോടെ 1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, 1973-ൽ നിലവിൽ വന്ന ശിരുവാണി കുടിവെള്ള കരാർ എന്നീ മൂന്നു കരാറുകളാണ് കേരളവും തമിഴ്നാടും തമ്മിലുള്ള നദീജല കരാറുകൾ.

1886-ലെ പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കൊണ്ടൂറിൽ നിന്നും മുല്ലപ്പെരിയാർ അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്ന ജലം മുഴുവനും കരാർ പ്രകാരം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. കരാർപ്രകാരം കേരളത്തിന് ജലവിഹിതം ഇല്ല. 1973-ലെ ശിരുവാണി കുടിവെള്ള കരാർ അനുസരിച്ച് 1.3 ടി.എം.സി. ജലം തമിഴ്നാടിന് നൽകാറുണ്ട്. കരാർപ്രകാരം 5 ക്യൂസക്സ് ജലം പ്രതിദിനം കേരളത്തിനും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം ആനമലയാറിൽനിന്നും, ഇടമലയാർ പദ്ധതി പൂർത്തിയായശേഷം 2.5 ടി.എം.സി. ഫീറ്റ് ജലം പറമ്പിക്കുളം-ആളിയാർ സിസ്റ്റത്തിലേക്ക് തമിഴ്നാടിന് തിരിച്ചു വിടാവുന്നതാണ്. നീരാറിലെ ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചുവിടേണ്ടതുണ്ട്. ചാലക്കുടി നദീതടത്തിൽനിന്നും ഓരോ വർഷവും 12.3 ടി.എം.സി. ഫീറ്റ് ജലം ഈ കരാർ പ്രകാരം കേരളത്തിന് ലഭിക്കും. ലോവർ നീരാർ ഡാമിന്റേയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് ഡാമിന്റേയും വൃഷ്ടിപ്രദേശത്തുള്ള ജലവും കണക്കാക്കി 16.5 ടി.എം.സി. ഫീറ്റിൽ അധികമായി വരുന്ന 2.5 ടി.എം.സി. ഫീറ്റ് ജലം ചിറ്റൂർ പ്രദേശത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും ലഭിക്കും. ഇതുകൂടാതെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ഫീറ്റ് ജലം മണക്കടവ് വിയറിൽ ലഭ്യമാക്കാനും ഈ കരാർ വ്യവസ്ഥ ചെയ്യുന്നു.

(ബി) 1-1-1886 മുതൽ മുൻകാല പ്രാബല്യമുള്ള പെരിയാർ പാട്ടക്കരാർ 29-10-1886-ൽ ആണ് ഒപ്പുവച്ചത്. 9-11-1958 മുതൽ മുൻകാല പ്രാബല്യമുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ 29-5-1970-ലാണ് ഒപ്പുവച്ചത്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ ഒപ്പുവച്ചത് 19-8-1973-ൽ ആണ്.

പെരിയാർ പാട്ടക്കരാറിന്റെ കാലാവധി 999 വർഷവും ശിരുവാണി കുടിവെള്ളക്കരാറിന്റെ കാലാവധി 99 വർഷവുമാണ്. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യുവാനും ഉഭയസമ്മതപ്രകാരം പരിഷ്കരിക്കുവാനും വ്യവസ്ഥയുണ്ട്.

(സി) കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കാറുണ്ട്.

(ഡി) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള കെട്ടിടങ്ങളും സ്ഥലവും കൈമാറാതിരിക്കുക, കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് നിശ്ചിത തീയതികളിൽ നിശ്ചിത ലവലിൽ നിലനിർത്താതിരിക്കുക, അലിയാർ-തിരുമൂർത്തി ഡാമുകളുടെ താഴ്ഭാഗത്ത് അനധികൃത മിനി ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടത്തുക, കേരളത്തിന്റെ അനുവാദമില്ലാതെ കോണ്ടൂർ കനാലിൽ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ കരാർ ലംഘനങ്ങൾ തമിഴ്നാട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കരാർ ലംഘനങ്ങളെല്ലാം അതാതു സമയങ്ങളിൽത്തന്നെ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നുംതന്നെ കരാർ ലംഘനങ്ങളല്ല എന്നാണ് തമിഴ്നാടിന്റെ നിലപാട്.

(ഇ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ സംസ്ഥാനത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നില്ല എന്നഭിപ്രായമുണ്ട്. പ്രസ്തുത കരാർപ്രകാരം പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ജലസംഭരണികളിലും ലോവർ നീരാർ ഡാമിന്റെ വൃഷ്ടിപ്രദേശത്തും ലഭിക്കുന്ന ജലത്തിൽനിന്ന് തമിഴ്നാടിനവകാശപ്പെട്ട 16.50 ടി.എം.സി. ഫീറ്റിന് മേലുള്ള കേരളത്തിനവകാശപ്പെട്ട 2,500 എം.സി. അടി ജലം കരാർ ഒപ്പുവച്ചതിനുശേഷം രണ്ടു പ്രാവശ്യം മാത്രമാണ് ലഭിച്ചത്. കൂടാതെ മണക്കടവ് വിയറിൽ ആവശ്യമനുസരിച്ചുള്ള ജലം യഥാസമയം ലഭിക്കാത്തതുമൂലം പാലക്കാട് ജില്ലയിലെ ചിറ്റൂർ പ്രദേശത്ത് വരൾച്ച അനുഭവപ്പെടാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly